# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 05.03.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ബജറ്റാനന്തര വെബിനാറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

   **Prime Minister Narendra Modi will participate in the Post-Budget Webinar on Employment today.**

2. എല്ലാ ജില്ലകളിലും വനിതാ-സൗഹൃദ മാതൃകാ ഗ്രാമ പഞ്ചായത്തുകൾ സൃഷ്ടിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ സംരംഭത്തിന് രാജ്യത്ത് തുടക്കമായി.

   **Central Government launched 'Model Women-Friendly Gram Panchayats' initiative today in New Delhi.**

3. ദ്വിരാഷ്ട്ര പര്യടനം തുടരുന്ന വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, യുകെ പ്രധാനമന്ത്രി കെയ്ർ സ്റ്റാമറുമായി കൂടിക്കാഴ്ച നടത്തി.

   **External Affairs Minister Dr. S. Jaishankar meets UK Prime Minister Keir Starmer in London to discuss bilateral economic cooperation.**

4. ആശ വർക്കർമാർക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിച്ചില്ലെന്ന സംസ്ഥാനത്തിന്റെ വാദം തെറ്റാണെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.

   **Union Minister of State George Kurian rejects Kerala claim that the central government  not providing enough funds to the ASHA workers**

5. ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് തിരുവനന്തപുരത്ത് കൊടിയേറി.

   **The Pongala festival at Attukal Bhagavathi Temple started today with the ceremonial commencement.**

6. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് രണ്ടാം സെമിയിൽ ഇന്ന് ന്യൂസിലൻഡ് , ദക്ഷിണാഫ്രിക്കയെ നേരിടും.

**In the second semi-final of Champions Trophy Cricket, South Africa will take on New Zealand in Lahore, today.**

**&&&&&&&&&&&&&&&&**

## HEADLINE – 1

## PM- WEBINAR EMPLOYMENT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ബജറ്റാനന്തര വെബിനാറിൽ വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുക്കും. ജനങ്ങൾ, സമ്പദ്‌വ്യവസ്ഥ, നവീകരണം എന്നിവയ്ക്കായുള്ള നിക്ഷേപം എന്നതാണ് വെബിനാറിന്റെ വിഷയം. ബജറ്റ് പ്രഖ്യാപനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നത് സംബന്ധിച്ച ചർച്ചകൾ ഇതിൽ നടക്കും. രാജ്യത്ത് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ അതീവ പ്രാധാന്യമാണ് നൽകുന്നത്.

**&&&&&&&&&&&&&&&&**

## HEADLINE – 2

## MODEL WOMEN-FRIENDLY - INTRO

എല്ലാ ജില്ലകളിലും വനിതാ-സൗഹൃദ മാതൃകാ ഗ്രാമ പഞ്ചായത്തുകൾ സൃഷ്ടിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ സംരംഭത്തിന് രാജ്യത്ത് തുടക്കമായി. ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രിമാരായ എസ്. പി സിങ്ങ് ബാഘേലും, അനുപ്രിയ പട്ടേലും ചേർന്ന് പദ്ധതി ഉദ്ഘാടനം ചെയ്തു. ലിംഗസമത്വം, വനിതാ ശാക്തീകരണം എന്നിവ ഉറപ്പുവരുത്തുന്നതിനൊപ്പം വനിതകളിൽ നേതൃത്വ ശേഷി വികസിപ്പിക്കുന്നതും

പദ്ധതിയിലൂടെ കേന്ദ്രം ലക്ഷ്യമിടുന്നതായി ശ്രീ എസ്. പി സിങ്ങ് ബാഘേൽ പറഞ്ഞു.

(ഹോൾഡ്)

ഭരണ നിർവഹണത്തിൻറെ അടിസ്ഥാന തലങ്ങളിൽ ലിംഗ സമത്വം ഉറപ്പു വരുത്തുകയാണ് ദേശീയ വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി പഞ്ചായത്തീരാജ് മന്ത്രാലയം നടപ്പാക്കുന്ന സംരംഭത്തിലൂടെ ലക്ഷ്യമിടുന്നത്. വനിതാ-സൗഹൃദ മാതൃകാ ഗ്രാമ പഞ്ചായത്ത് ഡാഷ് ബോർഡ് പ്രകാശനവും ചടങ്ങിൽ നടന്നു.

&&&&&&&&&&&&&&&&

## HEADLINE – 3
## JAISHANKAR - UK VISIT

ദ്വിരാഷ്ട്ര പര്യടനം തുടരുന്ന വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, യുകെ പ്രധാനമന്ത്രി കെയ്ർ സ്റ്റാമറുമായി കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി- സാമ്പത്തിക സഹകരണം മുന്നോട്ട് കൊണ്ടുപോകുന്നതിനെക്കുറിച്ച് നേതാക്കൾ ചർച്ച ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആശംസകൾ യുകെ പ്രധാനമന്ത്രിക്കു കൈമാറിയതായും ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. യുക്രെയ്ൻ സംഘർഷത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ഇരു നേതാക്കളും പങ്കുവച്ചു. യുകെ വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമിയുമായും ശ്രീ ജയശങ്കർ കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&

## JANAUSHADHI - INTRO

ജനങ്ങൾക്ക് താങ്ങാവുന്ന വിലയിൽ ഉയർന്ന നിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് ജൻ

ഔഷധി കേന്ദ്രങ്ങളുടെ ലക്ഷ്യമെന്ന് നീതി ആയോഗ് അംഗം വി കെ പോൾ. രാജ്യത്ത് നിലവിൽ 15,000-ത്തോളം ജനൗഷധി കേന്ദ്രങ്ങളുണ്ടെന്നും 2027 ആകുമ്പോഴേക്കും ഇത് 25,000 ആയി ഉയർത്തുമെന്നും ജനൗഷധി ദിവസുമായി ബന്ധപ്പെട്ട് മാധ്യമങ്ങളോട് സംസാരിക്കവേ അദ്ദേഹം പറഞ്ഞു. ജൻ ഔഷധി കേന്ദ്രങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് കേന്ദ്രസർക്കാർ ഊർജ്ജിത പ്രചാരണം നടത്തുന്നതായും ശ്രീ വി.കെ പോൾ വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## RAILWAY TRANSFERED

ഡൽഹി ഡിവിഷനിലെ അഞ്ച് മുതിർന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി റെയിൽവേ. മഹാകുംഭമേളയിൽ പങ്കെടുക്കാൻ ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിലെത്തിയ തീർത്ഥാടകർക്ക് തിക്കിലും തിരക്കിലും ജീവൻ നഷ്ടമായ സംഭവത്തിൻറെ പശ്ചാത്തലത്തിലാണ് നടപടി. കഴിഞ്ഞ മാസം 15 ന് ഉണ്ടായ സംഭവത്തിൽ 18 യാത്രക്കാർക്ക് ജീവൻ നഷ്ടപ്പെടുകയും 15 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ഡൽഹി ഡിവിഷണൽ റെയിൽവേ മാനേജർ, അഡീഷണൽ ഡിആർഎം, ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെയാണ് സ്ഥലം മാറ്റിയത്.

&&&&&&&&&&&&&&&&

## PM - UTTARAKHAND

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഉത്തരാഖണ്ഡ് സന്ദർശിക്കും. ഹർസിലിൽ നടക്കുന്ന ട്രെക്ക്, ബൈക്ക് റാലികളുടെ ഫ്ലാഗ് ഓഫ് നിർവഹിക്കുന്ന പ്രധാനമന്ത്രി

തുടർന്ന് ജനങ്ങളെ അഭിസംബോധന ചെയ്യും. മുഖ് വായിലെ ഗംഗ ദേവി ആരാധനാലയത്തിലും അദ്ദേഹം ദർശനം നടത്തും.

**&&&&&&&&&&&&&&&&**

## HEADLINE – 5
## ATTUKAL PONGALA - INTRO

ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് തുടക്കമായി. ദേവിയെ കാപ്പു കെട്ടി കുടിയിരുത്തിയതോടെയാണ് ചടങ്ങുകൾക്ക് തുടക്കമായത്. ഈ മാസം 13 നാണ് ലോക പ്രശസ്തമായ ആറ്റുകാൽ പൊങ്കാല.

**വിശദാംശ ങ്ങളുമായി ആകാശവാണി തിരുവന ന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........**

(വോയ്സ്)

**&&&&&&&&&&&&&&&&**

## HEADLINE – 4
## GEORGE KURIAN - ASHA WORKER

മത്സ്യ രംഗത്ത് കേരളം ഏറെ മുന്നിലാണെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. ആശ വർക്കർമാർക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിച്ചില്ലെന്ന സംസ്ഥാനത്തിന്റെ വാദം തെറ്റാണെന്ന് അദ്ദേഹം പാലക്കാട് മാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്രം കണക്ക് വ്യക്തമാക്കിയിട്ടുണ്ടെന്നും ഇതിൽ ആശയക്കുഴപ്പമില്ലെന്നും മന്ത്രി വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

## KIREN RIJIJU

കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി കിരൺ റിജിജു ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ സംസ്ഥാനത്തെത്തും. തിരുവനന്തപുരത്ത് പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പരിപാടിയുടെ അവലോകനയോഗത്തിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&

## JHARKHAND - BLAST

ഝാർഖണ്ഡിൽ ഐഇഡി സ്ഫോടനത്തിൽ മൂന്ന് സിആർപിഎഫ് ജവാൻമാർക്ക് ഗുരുതരമായി പരിക്കേറ്റു. വെസ്റ്റ്സിംങ് ഭൂമ് ജില്ലയിലെ ബാലിബ വനമേഖലയിലാണ് സ്ഫോടനം നടന്നത്.

&&&&&&&&&&&&&&&&

## COAL PRODUCTION

രാജ്യവികസനത്തിന് സംഭാവന നൽകുംവിധം സുസ്ഥിരവും കാര്യക്ഷമവുമായി കൽക്കരി മേഖലയെ വളർത്തിയെടുക്കുമെന്ന് കേന്ദ്രസർക്കാർ. രാജ്യത്തെ കൽക്കരി ഖനികളിൽ നിന്നുള്ള നടപ്പ് സാമ്പത്തിക വർഷത്തിലെ മൊത്തം ഉൽപ്പാദനം 167 ദശലക്ഷം ടണ്ണിന് മുകളിലാണെന്നും കേന്ദ്ര കൽക്കരി മന്ത്രാലയം അറിയിച്ചു. കൽക്കരി കയറ്റുമതിയിലും ഗണ്യമായ വർധനവുണ്ടായി. 2024-25 ലെ മൊത്തം കൽക്കരി കയറ്റുമതി 170 ദശലക്ഷം ടണ്ണിന് മുകളിലാണ്. മുൻ വർഷം ഇത് 128 ദശലക്ഷം ടൺ ആയിരുന്നു. വൈദ്യുതി, ഉരുക്ക്, സിമൻറ് നിർമാണ മേഖലകളിലേക്ക് തടസ്സരഹിത കൽക്കരി വിതരണം ഉറപ്പാക്കുന്നുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

## WAVES SUMMIT CHALLENGES

WAVES - 2025 ഉച്ചകോടിയുടെ ഭാഗമായി ഡ്രോൺ പൈലറ്റുമാർക്കും ചലച്ചിത്ര പ്രവർത്തകർക്കുമായി WAVES ഇന്ത്യ: എ ബേർഡ്സ് ഐ വ്യൂ ചലഞ്ച് എന്ന പേരിൽ പരിപാടി ആവിഷ്കരിച്ചു. മത്സരത്തിനായി രാജ്യത്തിന്റെ സൗന്ദര്യവും വൈവിധ്യവും പ്രദർശിപ്പിക്കുന്ന ആകാശ ദൃശ്യങ്ങളുടെ 2 മുതൽ 3 മിനിറ്റ് വരെ ദൈർഘ്യമുള്ള വീഡിയോ ആണ് സൃഷ്ടിക്കേണ്ടത്. മെയ് 1 മുതൽ 4 വരെ മുംബൈയിലാണ് WAVES ഉച്ചകോടി സംഘടിപ്പിക്കുക.

&&&&&&&&&&&&&&&&

## HEADLINE – 6
## CHAMPIONS TROPHY

ഐസിസി ചാമ്പ്യൻസ് ട്രോഫി പുരുഷ ക്രിക്കറ്റ് രണ്ടാം സെമിയിൽ ഇന്ന് ന്യൂസിലൻഡ്, ദക്ഷിണാഫ്രിക്കയെ നേരിടും. ഉച്ചയ്ക്ക് 2.30ന് ലാഹോറിലാണ് മത്സരം. ഇന്ന് വിജയിക്കുന്ന ടീം ഞായറാഴ്ച ദുബായിൽ നടക്കുന്ന ഫൈനൽ പോരാട്ടത്തിൽ ഇന്ത്യയെ നേരിടും. ഇന്നലെ നടന്ന ഒന്നാം സെമിയിൽ ഓസ്ട്രേലിയയെ നാല് വിക്കറ്റിന് വീഴ്ത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്.

&&&&&&&&&&&&&&&&

## STEVE SMITH - RETIREMENT

ഏകദിന ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച് ഓസ്ട്രേലിയൻ ക്യാപ്റ്റൻ സ്റ്റീവ് സ്മിത്ത്. ICC ചാമ്പ്യൻഷിപ്പ് സെമിയിൽ ഓസ്ട്രേലിയൻ നിര ഇന്ത്യയോട് പരാജയപ്പെട്ടതിന് പിന്നാലെയാണ് വിരമിക്കൽ

പ്രഖ്യാപനം. ടെസ്റ്റ് ക്രിക്കറ്റിൽ തുടരുമെന്നും സ്റ്റീവ് സ്മിത്ത് അറിയിച്ചു.

&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ എഫ് സി - ഒഡിഷയെ നേരിടും. രാത്രി 7 .30 നാണ് മത്സരം. ഇന്നലെ മുഹമ്മദൻ എസ്.സി യെ , ഗോവ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&

## TRUMP - TARRIF

അമേരിക്കയ്ക്കു മേൽ ഉയർന്ന തീരുവ ചുമത്തിയിരുന്ന രാജ്യങ്ങൾക്ക് മറുപടിയായി ഏപ്രിൽ 2 മുതൽ അധിക തീരുവ ഏർപ്പെടുത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഉയർന്ന തീരുവ അമേരിക്കയ്ക്ക് മേൽ ചുമത്തുന്ന യൂറോപ്യൻ യൂണിയൻ, ചൈന, ബ്രസീൽ, ഇന്ത്യ, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളുടെ നടപടിയെ ട്രംപ് രൂക്ഷമായി വിമർശിച്ചു. ദശാബ്ദങ്ങളായി മറ്റു രാജ്യങ്ങൾ അമേരിക്കയ്ക്ക് മേൽ ഉയർന്ന നികുതി ചുമത്തുകയാണെന്നും, ഇതിന് മറുപടി നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും യുഎസ് കോൺഗ്രസ് സംയുക്ത സമ്മേളനത്തിൽ ട്രംപ് പറഞ്ഞു. മുതിർന്ന പൗരന്മാർക്കുള്ള സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ നികുതിയില്ലാതെ തുടരുമെന്നും അദ്ദേഹം ഉറപ്പ് നൽകി. പാരീസ് കാലാവസ്ഥാ കരാർ അമേരിക്കയ്ക്ക് ട്രില്യൺ കണക്കിന് ഡോളർ നഷ്ടമുണ്ടാക്കുന്നു എന്നതിനാലാണ് കരാറിൽ നിന്ന് പിന്മാറാൻ തീരുമാനിച്ചതെന്നും ട്രംപ് പറഞ്ഞു.

&&&&&&&&&&&&&&&&

## TRUMP-ZELENSKYY

വൈറ്റ് ഹൗസിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായുള്ള വാഗ്വാദത്തിൽ ഖേദം പ്രകടിപ്പിച്ച് യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമർ സെലൻസ്കി. യുക്രെനിൽ ശാശ്വത സമാധാനം ഉറപ്പാക്കാൻ ഡോണൾഡ് ട്രംപിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നതായും അദ്ദേഹം പറഞ്ഞു. സമാധാന കരാർ ചർച്ച ചെയ്യാനും ധാതു കരാറിൽ ഒപ്പുവെക്കാനും തയ്യാറാണെന്നും സെലൻസ്കി വ്യക്തമാക്കി. യുക്രെയിനിനുള്ള സൈനിക സാമ്പത്തിക സഹായങ്ങൾ യുഎസ് നിർത്തിവച്ചതിനു പിന്നാലെയാണ് സെലൻസ്കിയുടെ പ്രതികരണം.

&&&&&&&&&&&&&&&&

## QUESTION PAPER LEAKAGE - KERALA

ക്രിസ്മസ് പരീക്ഷാ ചോദ്യ പേപ്പർ ചോർച്ച കേസിൽ ഒരാൾ കൂടി പിടിയിൽ. സ്കൂൾ ജീവനക്കാരനായ മലപ്പുറം സ്വദേശി അബ്ദുൾ നാസറെയാണ് പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. കേസുമായി ബന്ധപ്പെട്ട് രണ്ട് പേർ നേരത്തെ പിടിയിലായിരുന്നു.

&&&&&&&&&&&&&&&&

## FEFKA + MARCO

'മാർക്കോ' എന്ന മലയാള ചിത്രത്തിന് ടി വി ചാനലുകളിൽ പ്രദർശിപ്പിക്കാനുള്ള അനുമതി നിഷേധിച്ച് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ. യു അല്ലെങ്കിൽ യു / എ കാറ്റഗറിയിലേക്ക് മാറ്റാൻ കഴിയാത്ത വിധം

അക്രമ ദൃശ്യങ്ങൾ സിനിമയിൽ ഉണ്ടെന്നാണ് സി.ബി.എഫ്.സി വിലയിരുത്തൽ. കൂടുതൽ ദൃശ്യങ്ങൾ ഒഴിവാക്കിയ ശേഷം നിർമ്മാതാക്കൾക്ക് വീണ്ടും ഇതിനായി അപേക്ഷിക്കാവുന്നതാണ്. അതേസമ.ം സമൂഹത്തിലെ അക്രമങ്ങൾക്കും കൊലപാതകങ്ങൾക്കും കാരണം സിനിമയാണെന്ന പ്രചാരണം സംവിധായക സംഘടനയായ ഫെഫ്ക തള്ളി. അക്രമത്തെ ആനന്ദത്തിനുള്ള ഉപാധിയെന്ന നിലയിൽ അവതരിപ്പിക്കപ്പെടുന്നത് വിമർശിക്കപ്പെടണമെന്നും, ജനാധിപത്യപരമായ സംവാദങ്ങൾ സ്വാഗതം ചെയ്യുന്നതായും ഫെഫ്ക വക്താക്കൾ അഭിപ്രായപ്പെട്ടു.

**&&&&&&&&&&&&&&&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&&**